മറ്റ് വിഭാഗങ്ങൾക്ക് സർക്കാരിൽ നിന്നും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ തുക അനുവദിക്കുന്നില്ല.

(സി) RSBY & CHIS എന്നീ പദ്ധതിയിലായുള്ള ചെലവ് താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

2011-12 -	103.89
2012-13 -	229.22
2013-14 -	165.07
2014-15 -	273.28

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

റബ്ബറിന്റെ വിലയിടിവ്

87 (*T 1827) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവും മറ്റ് കാരണങ്ങളുംമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, വിലസ്ഥിരത ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും റബ്ബർ കർഷകരുടെ ക്ഷേമത്തിനുമായി അടിയന്തരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു.

(ബി) വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി കർഷകർക്ക് ഏറെ പ്രയോജനപ്രദമാകുന്നുണ്ട്.

സാമ്പത്തിക വളർച്ചാനിരക്ക്

88 (1828) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ 2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ എത്ര ശതമാനം സാമ്പത്തിക വളർച്ചയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly